"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവർ രവീന്ദ്രൻ പി.എച്ച്-ന്റെ (late) ഭവനനിർമ്മാണ വായ്പ കുടിശ്ശിക എഴുതിത്തള്ളുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.941/2025/LSGD തീയതി,തിരുവനന്തപുരം, 09-04-2025

---

പരാമർശം:-

1. സ. ഉ. (പി) നം. 91/2017/ധന തീയതി 17/07/2017
2. ഗ്രാമവികസന കമ്മീഷണറേറ്റ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 10.09.2013-ലെ 18527(3)/എസ്റ്റാ.സി2/2013/സി.ആർ.ഡി നമ്പർ നടപടിക്രമം
3. ശ്രീമതി. രാജി.ഡി സമർപ്പിച്ച 14/11/2023-ലെ അപേക്ഷ
4. അക്കൗണ്ടന്റ് ജനറലിന്റെ 09/01/2024 & 07/08/2024-ലെ LA02/V/HBA/BOR107381/5023 &LA02/V/HBA/BOR107381 /2254 നമ്പർ കത്ത്
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20/05/2024, 23/10/2024 തീയതികളിലെ LSGD/PD/14448/2023-DEG3 നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവർ ആയിരുന്ന രവീന്ദ്രൻ പി.എച്ച്-ന് പരാമർശം (2) പ്രകാരം 5,65,000/-രൂപ ഭവന നിർമ്മാണവായ്പ അനുവദിച്ച് നൽകിയിരുന്നു. എന്നാൽ, സർ വീസിലിരിക്കെ 05.12.2022-ൽ ടിയാൻ മരണപ്പെട്ടതിനാൽ ടിയാന്റെ ഭവനനിർമ്മാണവായ്പയിൽ ഇനിയും തിരിച്ചടയ്ക്കാൻ ശേഷിയ്ക്കുന്ന തുക എഴുതി തള്ളുവാൻ നടപടി സ്വീകരിയ്ക്കണമെന്ന് ഭാര്യ ശ്രീമതി.രാജി.ഡി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ടിയാന് അനുവദിച്ച ഭവന നിർമ്മാണ വായ്പയിലെ ആകെ ബാദ്ധ്യതയായ 9,22,504/- രൂപയിൽ 4,26,600/- രൂപ ടിയാൻ 11/2022 വരെ തിരികെ അടച്ചുവെന്നും, ശേഷിയ്ക്കുന്ന ബാദ്ധ്യത തുകയായ 4,95,904/- രൂപയിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ താമസിച്ചതിനാലുള്ള പിഴപ്പലിശയായ 1,00,052/- രൂപ കൂടി ഉൾപ്പെടുന്നതാണെന്നും പരാമർശം (4) പ്രകാരം അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്. രവീന്ദ്രൻ പി.എച്ച്-ന്

അനുവദിച്ച ഭവനനിർമ്മാണ വായ്പ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളതായുള്ള സർട്ടിഫിക്കറ്റ് പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവർ ആയിരിക്കവേ 05.12.2022 -ൽ മരണപ്പെട്ട രവീന്ദ്രൻ. പി. എച്ച് -ന് അനുവദിച്ച ഭവന നിർമ്മാണവായ്പയിൽ തിരികെ അടയ്ക്കുവാൻ ശേഷിയ്ക്കുന്ന ആകെ തുകയായ 4,95,904/- രൂപയിൽ നിന്ന് പലിശയിനത്തിലെ ബാദ്ധ്യതയായ 2,57,452/- രൂപ (രണ്ട് ലക്ഷത്തി അൻപത്തിയേഴായിരത്തി നാനൂറ്റി അൻപത്തിരണ്ട് രൂപ മാത്രം) ഒഴിവാക്കുന്നതിനും, മുതൽ ഇനത്തിലെ ബാധ്യതയായ 1,38,400/- രൂപ (ഒരു ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി നാനൂറ് രൂപ മാത്രം) "2075 -00-795-98-HBA write off (N/V)" എന്ന ശീർഷകത്തിൽ ചെലവും "7610 -00-201-98-HBA-State Service Officers (NP-V)" എന്ന ശീർഷകത്തിൽ വരവും കാണിച്ച് പരാമർശം ( 1 ) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി എഴുതിത്തള്ളുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാതിരുന്നതിനുള്ള പിഴപ്പലിശയായ 1,00,052/-(ഒരു ലക്ഷത്തി അൻപത്തിരണ്ട് രൂപ മാത്രം)ഒഴിവാക്കി നൽകാനാകാത്തതിനാൽ ടി തുക ടിയാന്റെ ഡി.സി. ആർ. ജി. യിൽ നിന്നും ഈടാക്കുവാനും ഡി. സി.ആർ. ജി. തികയുന്നില്ലെങ്കിൽ ബാക്കി വരുന്ന തുക ടിയാന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നോ അനന്തരാവകാശികളിൽ നിന്നോ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഈടാക്കുവാൻ വേണ്ട നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
ഡെപ്യൂട്ടി സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്
2) ശ്രീമതി. രാജി.ഡി, പുതുവൽ നികർത്ത്, കെ. ആർ. പുരം പി. ഒ, പള്ളിപ്പുറം. ചേർത്തല
3) സെക്രട്ടറി, തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളാ, തിരുവനന്തപുരം
5) ധനകാര്യവകുപ്പ്(അ.ഔ. നമ്പർ 2817093/ഡെവ-1/103/2024-ധന തീയതി 05/07/2024 & 28/03/2025)
6) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Dipukumar S L
Date: 10-04-2025 10:49:58
സെക്ഷൻ ഓഫീസർ